**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 888** **14-01-2021 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ വന്യജീവി ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി) | |
| (എ) | വന്യജീവി ആക്രമണം തുടർച്ചയായി ഉണ്ടാകുന്ന ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി, കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ സംരക്ഷണ വേലി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും റാപ്പിഡ് ഫോഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിനായും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | (എ) അതിരപ്പിള്ളി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വന്യജീവി ആക്രമണം തടയുന്നതിനായി സംരക്ഷണ വേലി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിൽ സോളാർ ഫെൻസിംഗ് പ്രവൃത്തികൾ പൂർത്തിയായി വരുന്നു. റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരണം സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആയതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് മേഖലയിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | (ബി) | (ബി) വനൃജീവി ആക്രമണം തുടർച്ചയായി ഉണ്ടാകുന്ന ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി ഡിവിഷനിലെ അതിരപ്പിള്ളി, കോടശ്ശേരി, പരിയാരം എന്നീ സ്ഥലങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ തടയുന്നതിന് സോളാർ ഫെൻസിംഗ് നടത്തിയിട്ടുണ്ട്. മൃഗങ്ങൾക്ക് കുടിവെള്ളം കാട്ടിൽ തന്നെ ലഭ്യമാക്കുവാൻ കുളങ്ങൾ, ചെക്കാഡാമുകൾ എന്നിവ നിർമ്മിക്കുകയും നിലവിലുള്ളവയുടെ അറ്റകുറ്റപണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ഭക്ഷ്യ ലഭ്യത ഉറപ്പ് വരുത്തുന്ന രീതിയിലുള്ള പരിപാലന പ്രവൃത്തികളും നടപ്പിലാക്കി വരുന്നുണ്ട്. വന്യജീവി ആക്രണം തടയുന്നതിന് വാഴച്ചാൽ ഡിവിഷന് കീഴിൽ വരുന്ന അതിരപ്പിള്ളി പഞ്ചായത്ത് ഏരിയയിൽ 2.205 കിലോമീറ്റർ ട്രഞ്ചും, 24.43 കിലോമീറ്റർ ചുറ്റളവിൽ സോളാർഫെൻസിംഗും നടത്തിയിട്ടുണ്ട്. വനത്തിനോടടുത്തുള്ള കൃഷിസ്ഥലങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള ഫലങ്ങൾ കൃഷി ചെയ്യാതിരിക്കുന്നതിനുള്ള ബോധവൽക്കരണം പ്രസ്തുത മേഖലകളിൽ കർഷകർക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ